# അമ്പലപ്പുഴ
# ശ്രീകൃഷ്ണസ്വാമി ക്ഷേത്രം



# പള്ളിപ്പാന

2026 ഫെബ്രുവരി 08 മുതൽ 22 വരെ

# ദ്രവ്യകലശം

ഫെബ്രുവരി 26 മുതൽ മാർച്ച് 05 വരെ

Pallippana Dravyakalasam Media Cell Book 1

# ഉത്സവലഹരിയിൽ

## അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം





## പന്ത്രണ്ട്കളഭം

2026 ജനവരി 15 മുതൽ 26 വരെ

## ദ്രവ്യകലശം

ഫെബ്രുവരി 26 മുതൽ മാർച്ച് 05 വരെ

## പള്ളിപ്പാന

2026 ഫെബ്രുവരി 08 മുതൽ 22 വരെ

## തിരുവുത്സവം

മാർച്ച് 06 മുതൽ മാർച്ച് 15 വരെ

പള്ളിപ്പാന
ദ്രവ്യകലശം
2026

ഫെബ്രുവരി 08
ഞായറാഴ്ച
**1**-ാം ദിവസം
**കാപ്പുകെട്ട്**

ഫെബ്രുവരി 09
തിങ്കളാഴ്ച
**2**-ാം ദിവസം
**രക്ഷാ കലശപൂജ**

ഫെബ്രുവരി 10
ചൊവ്വാഴ്ച
**3**-ാം ദിവസം
**ഭീഷ്മ ശരശയനം**

# പള്ളിപ്പാന

ഫെബ്രുവരി 11
ബുധനാഴ്ച
**4**-ാം ദിവസം
**തട്ടുബലി**

ഫെബ്രുവരി 12
വ്യാഴാഴ്ച്ച
**5**-ാം ദിവസം
**അന്തിച്ചേ കാവൽ ഏറൽ**

ഫെബ്രുവരി 13
വെള്ളിയാഴ്ച
**6**-ാം ദിവസം
**പാനപിടുത്തം**





ഫെബ്രുവരി 14
ശനിയാഴ്ച
**7**-ാം ദിവസം
**കാളികൂടം തുള്ളൽ കാലൻപുറപ്പാട്**

ഫെബ്രുവരി 15
ഞായറാഴ്ച
**8**-ാം ദിവസം
**ശാസ്താം പുറപ്പാട്**

ഫെബ്രുവരി 16
തിങ്കളാഴ്ച
**9**-ാം ദിവസം
**ചെറിയ കൂമ്പ് ബലി**

ഫെബ്രുവരി 17
ചൊവ്വാഴ്ച്ച
**10**-ാം ദിവസം
**ദിക്കുബലി അടവി**

ഫെബ്രുവരി 18
ബുധനാഴ്ച്ച
**11**-ാം ദിവസം
**ശത്രു എടുക്കൽ**

ഫെബ്രുവരി 19-20
വ്യാഴാഴ്ച- വെള്ളിയാഴ്ച
**12-13** ദിവസങ്ങൾ
**ശത്രു എടുക്കൽ**

ഫെബ്രുവരി 21 ശനിയാഴ്ച
**14**-ാം ദിവസം
**ഭൈരവിക്കോലം മധുഎഴുന്നള്ളിപ്പ് വലിയ കൂമ്പ്ബലി**

ഫെബ്രുവരി 22
ഞായറാഴ്ച
**15**-ാം ദിവസം
**കാപ്പ് അഴിക്കൽ**

# വിശ്വാസ ലഹരിയിൽ ഒരു പള്ളിപ്പാന കൂടി...

ഐതിഹ്യങ്ങളുടെ കലവറയായ അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ആചാര അനുഷ്ഠാനങ്ങളുടെ പുണ്യ ഭൂമിയാണ്. 410 വർഷങ്ങൾക്ക് മുൻപ് പൂരാടം പിറന്നചെമ്പകശ്ശേരി ദേവനാരായണ രാജാവ് നിർമ്മിച്ച മഹാ ക്ഷേത്രം. താന്ത്രിക കുലപ തികളായിരുന്ന കടിയക്കോൽ -പുതുമന തന്ത്രിമാരുടെ തർക്കത്തെ തുടർന്ന് കുറിച്ചി കരിങ്കുളം ക്ഷേത്രത്തിന്റെ ഊരാളന്മാർ ആയിരുന്ന വലിയമഠം കുടുംബക്കാർ ആരാധിച്ചു വന്നിരുന്ന പാർത്ഥസാരഥി വിഗ്രഹം ഇവിടെ കൊണ്ടുവന്ന് പ്രതിഷ്ഠനടത്തി. കണ്ണമംഗലം ഇല്ലത്തെ മേൽശാന്തിമാർ നിത്യപൂജ നടത്തുന്ന ദക്ഷിണ ദ്വാരകയാണ് ഈ ക്ഷേത്രം. 360വർഷങ്ങൾക്ക് മുൻപ് തുടക്കംകുറിച്ചതും, കേരളത്തിലെ അപൂർവം ക്ഷേത്രങ്ങളിൽ മാത്രം നടക്കുന്നതും, വിശ്വാസ ലഹരിയിൽ അലിഞ്ഞുചേർന്നതുമായ 'പള്ളിപ്പാന ' 2026 ഫെബ്രുവരി 8 ഞായറാഴ്ച മുതൽ 22വരെ ക്ഷേത്ര സങ്കേതത്തിൽ നടക്കുന്നു.

'പാന 'എന്നാൽ പാട്ട് എന്നാണ് അർത്ഥം. ദേവസന്നിധിയിൽ നടക്കുന്ന പാട്ടാണ് പള്ളിപ്പാന. ബഹുകാര്യകർതൃത്വം കൊണ്ട് ആലസ്യത്തിൽ ആയ മഹാവിഷ്ണുവിനെ പാട്ടുകൾ പാടി ഉണർത്തി കർമ്മ നിരതനാക്കുകയാണ് പള്ളിപ്പാന ചടങ്ങുകളുടെ ലക്ഷ്യം. വേല സമുദായത്തിൽപെട്ട കർമ്മികൾ ആണ് ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നത്. അവരോടൊപ്പം ഗണകൻ, പാണൻ, മണ്ണാൻ തുടങ്ങിയ ജാതിയിൽ പെട്ട ആളുകളും ചടങ്ങുകളിൽ പങ്കെടുക്കും. ജാതി ചിന്തകളും ആയിത്താചാരങ്ങളും നില നിന്നിരുന്ന കാലഘട്ടത്തിൽ അമ്പലപ്പുഴ ക്ഷേത്രത്തിൽ എല്ലാജാതിക്കാർക്കും അനുവദിച്ചിരുന്ന അവകാശങ്ങൾ പള്ളിപ്പാന ചടങ്ങുകൾ വിളിച്ചോതുന്നു. രാജപ്രതിനിധി, മേൽശാന്തി, കോയിമ്മസ്ഥാനി, കഴകക്കാർ, വാദ്യക്കാർ, അടിച്ചുതളിക്കാർ, തച്ചൻമാർ, അമ്പനാട്ടു പണിക്കൻ, മലയം തട്ടാൻ, കൊല്ലൻ തുടങ്ങി ക്ഷേത്രആചാരങ്ങളുമായി ബന്ധപ്പെട്ടവരും പള്ളിപ്പാനയുടെ ഭാഗമാകും.

എല്ലാ വർഷവും മകരം ഒന്ന് മുതൽ പന്ത്രണ്ടു വരെ നടക്കുന്ന പന്ത്രണ്ട് കളഭം 12എണ്ണം കാലം കൂടുമ്പോൾ ആണ് പള്ളിപ്പാന നടക്കുന്നത്.






'പാന'എന്നാൽ പാട്ട് എന്നാണ് അർത്ഥം. ദേവസന്നിധിയിൽ നടക്കുന്ന പാട്ടാണ് പള്ളിപ്പാന

പന്ത്രണ്ട് പള്ളിപ്പാനകൾ കഴിഞ്ഞാൽ 'വിജയബലി 'എന്ന ചടങ്ങും നടക്കും.

1954 ൽ ആയിരുന്നു ഇരുപത്തിനാലാമത് പള്ളിപ്പാനയും വിജയബലിയും. ഇപ്പോൾ നടക്കുന്ന



മുപ്പതാമത് പള്ളിപ്പാനക്ക് ശേഷം 2098 ലാണ് അടുത്ത വിജയബലി.

ശ്രീബലിബിബം ചടങ്ങ് നടക്കുന്ന പാനപന്തലിലേക്ക് കൊണ്ടുവരാറില്ല. പകരം ഉത്സവനാളുകളിൽ ക്ഷേത്രം കോയിമ്മസ്ഥാനി അധികാര ചിഹ്നമായി എടുക്കുന്നചൂരലിൽ സ്വർണ്ണം കെട്ടിയ കോയിമ്മവടി ശ്രീകോവിലിൽ കൊണ്ടുപോയി മേൽശാന്തി പ്രതിഷ്ഠാമൂർത്തിയോട് ചേർത്ത് വെച്ച് പൂജകൾ നടത്തി ആവാഹിച്ച് വെള്ളിവട്ടകയിൽ വെച്ച്, വാളും പരിചയും ധരിച്ച കോയിമ്മസ്ഥാനിയുടെയും, കുത്തു വിളക്കുകളുടെയും, വാദ്യമേളങ്ങളുടെയും, വായ്ക്കുരവയുടെയും അകമ്പടിയിൽ പള്ളിപന്തലിലേക്ക് എഴുന്നള്ളിക്കും. വേലന്മാർ ജപിച്ച് നൽകുന്ന കാപ്പുകൾ കോയിമ്മസ്ഥാനി വാങ്ങി മേൽശാന്തിയെ ഏൽപ്പിച്ച് കോയിമ്മവടി ദേവനായി സങ്കല്പിച്ചു വടിയിൽ ക്രമ പ്രകാരം കെട്ടും.

വേലന്മാർ ശൈവ വാദ്യങ്ങൾ ആയ പറയും തുടിയും കൊട്ടി പാട്ട് പാടുമ്പോൾ ദേവന്റെ ബാധോപദ്രവങ്ങളെ ഇലഞ്ഞിതുപ്പ് കൊണ്ട് ഉഴിഞ്ഞ് വാര്യന്മാർ ഹോമകുണ്ഡത്തിൽ നിക്ഷേപിക്കും.

'പൊരുതവരെ പാപികളെ
പലനാളേ പൊരുതേ
ആരെല്ലാമാരെല്ലാം
തിരുമേനിയെ പൊരുതേ '

എന്ന് വേലന്മാർ പെരുക്കത്തിൽ പാടുമ്പോൾ ഇലഞ്ഞി തുപ്പും,

> 15 ദിവസങ്ങളിലായി നടക്കുന്ന പള്ളിപ്പാന ചടങ്ങുകളിൽ പകലും രാത്രിയുമായി 24കർമ്മങ്ങൾ ആണ് നടക്കുക

തവിടും, ഉപ്പും, കരിമ്പടനൂലും കൂടി ചേർത്ത് പേരുചൊല്ലി വിളിച്ച് ഹോമകുണ്ഡത്തിൽ നിക്ഷേപിക്കുമ്പോൾ വല്ലാത്ത ശബ്ദത്തോടെ അവ പൊട്ടിത്തെറിക്കും.



> ദ്രാവിഡ ശൈലിയിൽ ഉള്ള കർമ്മങ്ങൾ കൊണ്ട് ക്ഷേത്രത്തിൽ സംഭവിച്ചിട്ടുള്ള അശുദ്ധിയുടെ പരിഹാരം ആയും ദേവചൈതന്യ വർദ്ധനവിനും വേണ്ടി 2026 ഫെബ്രുവരി 26വ്യാഴാഴ്ച മുതൽ മാർച്ച് 5 വരെ എട്ട് ദിവസങ്ങളിലായി താന്ത്രിക ആചര്യന്മാരുടെ കാ ർമ്മികാത്വത്തിൽ ദ്രവ്യ കലശചടങ്ങുകളും (സഹസ്ര കലശത്തോടുകൂടി ) കൊണ്ടാടും.

15 ദിവസങ്ങളിലായി നടക്കുന്ന പള്ളിപ്പാന ചടങ്ങുകളിൽ പകലും രാത്രിയുമായി 24 കർമ്മങ്ങൾ ആണ് നടക്കുക. ദ്രാവിഡ പാരമ്പര്യത്തിൽ ഗ്രാമീണ കേരളത്തിൽ നിലനിന്നിരുന്ന' വേലൻ പ്രവർത്തി 'ഒരു അനുഷ്ഠാനകലയാണ്. പള്ളിപ്പാന ആദ്യം നടത്തിയത് സുബ്രഹ്മണ്യ സ്വാമിയുടെ നിർദ്ദേശ പ്രകാരം പരമശിവനും ശ്രീ പാർവതിയും കൂടി ചേർന്നാണ് എന്നൊരു ചരിത്രമുണ്ട്.

അമ്പലപ്പുഴയിൽ പാന നടത്തുവാൻ ആറു കുടുംബക്കാർക്ക് ആണ് അവകാശം. ചെമ്പകശ്ശേരി, കോയിക്കരി, ഏറമുണ്ട, കുന്നംകരി നെട്ടാശ്ശേരി, അമ്പലപ്പുഴ. ഓത്തും മുറോ ത്തും ആണ് പള്ളിപ്പാനയിലെ മുഖ്യ കർമ്മങ്ങൾ. പകൽ സമയത്ത് വേലന്മാർ ഓത്തും രാത്രിയിൽ വേലത്തികൾ മുറോത്തും നടത്തും. 'പുറനാടികൾ ' എന്നറിയപ്പെടുന്ന ഒരു വിഭാഗവും പള്ളിപ്പാനയിൽ സജീവമാണ്. വിദൂഷക വേഷം കെട്ടി വേലന്മാർ ചെയ്യുന്ന കർമ്മങ്ങൾക്ക് ജനശ്രദ്ധകിട്ടാത്ത തരത്തിലുള്ള കർമ്മങ്ങൾ ചെയ്യുന്ന അവരിൽ ഒരാളെ അവസാന ദിവസം ബലി കൊടുക്കുന്ന വേദനാജനകമായ ചടങ്ങും പള്ളിപ്പാനയിൽ ഉണ്ടായിരുന്നു.

# പള്ളിപ്പാനയും കോയ്മ വടിയും

കോയ്മവടിക്ക് പള്ളിപ്പാനയുടെ ചടങ്ങുകളി വളരെയേറെ പ്രാധാന്യമുണ്ട്. ക്ഷേത്ര പ്രതിഷ്ഠക്കുമായി ബന്ധപ്പെട്ട് ക്ഷേത്രം കോയ്മ സ്ഥാനിക്ക് നൽകിയിട്ടുള്ള അധികാര ചിഹ്നമാണ് കോയ്മ വടി. ക്ഷേത്രത്തിന് പുറകുവശത്താണ് കോയ്മ വടി സൂക്ഷിക്കുന്നത്. അപൂർവ്വമായി മാത്രമേ പടിഞ്ഞാറേവാതിൽ തുറക്കുകയുള്ളു. കോയ്മ വടി ക്ഷേത്രത്തിൽ നിന്നും എഴുന്നള്ളിച്ച് പാനപന്തലിൽ എത്തിച്ച ശേഷമേ ചടങ്ങുകൾ ആരംഭിക്കൂ. ക്ഷേത്രത്തിലെ വിശേഷാൽ ചടങ്ങുകൾക്ക് കോയ് മവടി കൈയ്യിലേന്തി കോയ്മ സ്ഥാനി പ്രദക്ഷിണത്തിൽ പങ്കെടുക്കും. പള്ളിപ്പാനക്ക് മാത്രം കോയ്മ വടി എടുക്കുന്നത് ക്ഷേത്രം മേൽശാന്തി ആണ്. ഈ അവസരത്തിൽ കോയ്മ സ്ഥാനി വാളും പരിചയും ഏന്തി മേൽശാന്തിക്കൊപ്പം നടക്കും. ദിവസം മൂന്നു പ്രാവശ്യമാണ് പള്ളിപ്പന്തലിലേക്ക് കോയ്മ വടി എഴുന്നള്ളിക്കുന്നത്. രാവിലെ 9 മണിക്ക് പള്ളിപ്പന്തലിലേക്ക് എഴുന്നള്ളിക്കും. ഉച്ചക്ക് 12 മണിക്ക് തിരികെ ക്ഷേത്രത്തിലേക്ക് . ഉച്ചക്ക് 2 മണിക്ക് പന്തലിലേക്കും 5 മണിക്ക് തിരിച്ചും. വീണ്ടും രാത്രി 9 മണിക്ക് പന്തലിലേക്ക് എഴുന്നള്ളിച്ച് ചടങ്ങുകൾ തീർന്ന ശേഷം തിരികെ എഴുന്നള്ളിക്കും. ക്ഷേത്രത്തിൽ നിന്നും വാദ്യ മേളങ്ങളുടെ അകമ്പടിയോടെ എഴുന്നള്ളിക്കുന്ന കോയ്മവടി പള്ളിപ്പന്തലിൽ പറ കൊട്ടി



**അപൂർവ്വമായി മാത്രം തുറക്കുന്ന പടിഞ്ഞാറെ വാതിൽ തുറന്ന് കോയ്മ വടിയുമായി മേൽശാന്തി പുറത്തേക്ക് വരുന്നു**

സ്വീകരിക്കും.

ആദ്യദിനം പഞ്ചവാദ്യത്തിന്റെ അകമ്പടിയോടെയാണ് കോയ്മവടി ക്ഷേത്രത്തിൽ നിന്നും എഴുന്നള്ളിക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിൽ വീക്കൻ ചെണ്ടയും ശംഖും മാത്രമാണ് വാദ്യങ്ങൾ. ആദ്യ ദിനം കോയ്മ വടി പള്ളിപ്പന്തലിൽ എഴുന്നുള്ളിച്ച ശേഷം പള്ളിപ്പാനയുടെ തുടക്കമായി പള്ളിപ്പന്തലിൽ വച്ച് കാപ്പ് കെട്ടും. പള്ളിപ്പന്തലിൽ നിന്നും ക്ഷേത്രത്തിലേക്കും തിരികെയും എഴുന്നള്ളിക്കുന്നത് കാപ്പ് കെട്ടിയ കോയ്മ വടിയാണ്. സമാപനത്തോടനുബന്ധിച്ച് പള്ളിപ്പന്തലിൽ വച്ച് കാപ്പ് അഴിക്കും..



## ദിവസം 1

## 2026 ഫെബ്രുവരി 8

## ഞായറാഴ്ച

## കാപ്പുകെട്ട് (രാവിലെ 7 മണി കഴിഞ്ഞ് )

ഞായറാഴ്ച പ്രഭാത ശ്രീബലിക്കു ശേഷം നടക്കുന്ന “കാപ്പ് കെട്ട് “ചടങ്ങോടെയാണ് പള്ളിപ്പാന  ആരംഭിക്കുക. കാപ്പ് കെട്ടിന് മുൻപായി പള്ളിപ്പാന ചടങ്ങുകൾ നടത്തുന്നതിനായി ക്ഷേത്രത്തിൽ എത്തിച്ചേർന്നിട്ടുള്ള കർമ്മികളെ (വേലൻമാർ )അമ്പേനാട്ട് പണിക്കൻ ഇറക്കുടി കളത്തട്ടിനു സമീപത്തുള്ള ആൽത്തറയിൽ നിന്ന് സ്വീകരിച്ച് വേലൻമാർക്കായി തയ്യാറാക്കിയിട്ടുള്ള കുടിലുകളിൽ ഇരുത്തും. തുടർന്ന് ക്ഷേത്രംസ്ഥാനിആശാരി വെട്ടിയതിനകം കുടുംബത്തിലെ മൂത്ത ആൾ പള്ളിപന്തലിനു (ദേവ ചൈതന്യം ആവഹിച്ച കോയ്മ്മ വടി വെക്കുന്ന പന്തൽ ) നാളികേരം ഉടക്കും.

**അമ്പലപ്പുഴ, കോയിക്കരി, നെട്ടാശ്ശേരി, ചെമ്പകശ്ശേരി, കുന്നങ്കരി, ഏറമുണ്ട എന്നീ വേലസമുദായ കുടുംബങ്ങൾക്കാണ് കാപ്പുകൾ ജപിച്ച് നൽകുന്നതിനുള്ള അവകാശം**

ദേവസ്വം അധികാരികൾ ഭണ്ഡാരത്തിൽ സൂക്ഷിക്കുന്ന സ്വർണ്ണംകെട്ടിയ കോയിമ്മവടി എടുത്ത് ശുദ്ധി ചെയ്ത് ശ്രീബലിക്കു ശേഷം മണ്ഡപത്തിൽ വെയ്ക്കും. കാപ്പ് കെട്ട് മുഹൂർത്വത്തിനു മുൻപായി മേൽശാന്തി കോയിമ്മവടി എടുത്ത് ശ്രീകോവിലിൽ കൊണ്ടുപോയി ബിംബത്തോട് ചേർത്ത് വെച്ച് പൂജകൾ ചെയ്ത് മാലകൾ ചാർത്തി അലങ്കരിച്ച് വെള്ളിവട്ടകയിൽ വെച്ച് പുറത്തേക്ക് എഴുന്നള്ളിച് പ്രദികഷണമായി കിഴക്കേ ആനക്കൊട്ടിലിലേക്ക് കൊണ്ടുവരും.



കുത്തു വിളക്കുകളുടെയും പുലിത്തോൽ പരിചയും വാളും ഏന്തിയ കോയിമ്മ സ്ഥാനിയുടെയും പഞ്ചവാദ്യത്തിന്റെയും നാദസ്വര മേളത്തിന്റെയും അകമ്പടി യോടുകൂടിയാണ് കോയിമ്മവടി പള്ളിപന്തലി ലേക്ക് എഴുന്നള്ളിക്കുക. അവിടെ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന ശരകൂടത്തിനും പീഠങ്ങൾക്കും മുകളിൽ കോയിമ്മവടി വെക്കും. വേലൻമാർ ജപിച്ച് കോയിമ്മ സ്ഥാനിയെ ഏൽപ്പിക്കുന്ന 5 സ്വർണ്ണകാപ്പുകളും 1 വെള്ളികാപ്പും കോയിമ്മസ്ഥാനി നിർദേശിക്കുന്ന സ്ഥാനങ്ങളിൽ, വെറ്റിലയും ചേർത്ത് കോയിമ്മ വടിയിൽ മേൽശാന്തി കെട്ടും. അമ്പലപ്പുഴ, കോയിക്കരി, നെട്ടാശ്ശേരി, ചെമ്പകശ്ശേരി, കുന്നങ്കരി, ഏറമുണ്ട എന്നീ വേലസമുദായ കുടുംബങ്ങൾക്കാണ് കാപ്പുകൾ ജപിച്ച് നൽകാനുള്ള അവകാശം.

## ദിവസം 2

## 2026 ഫെബ്രുവരി 09

## തിങ്കളാഴ്ച

## രക്ഷാകലശ പൂജ (രാത്രി 9 മണി)

പള്ളിപ്പനയുടെ രണ്ടാം ദിവസമായ തിങ്കളാഴ്ച രാവിലെയും (9മണി മുതൽ 12മണി വരെ )ഉച്ചക്കും (2മണി മുതൽ 5മണി വരെ )പതിവ് ഓത്തു മാത്രമാണ് നടക്കുക. രാത്രി 9 മണിയോടെ കോയിമ്മവടി പള്ളിപ്പന്തലിലേക്ക് എഴുന്നള്ളിച്ചു കഴിഞ്ഞ് "രക്ഷാകലശപൂജ "നടക്കും. മേൽശാന്തി നെല്ല് കൊണ്ട് ഒരു ആൾരൂപം ചമച്ച് അതിൽ കലശകുടം വെച്ച് ജലം നിറച്ച് പൂജകൾ ചെയ്യും. തുടർന്ന് പൂപഞ്ചലാകാരം ചെയ്ത് നാളികേരം കൊണ്ട് അടച്ചു വെച്ചാൽ പതിവ് ഓത്തു തുടങ്ങും. ഓത്ത് തുടങ്ങിയാൽ മേൽശാന്തി കലശം എഴുന്നള്ളിച്ച് കോയിമ്മ സ്ഥാനിയോടും കുത്തുവിളക്കിന്റെയും വീക്കൻ ചെണ്ടയുടെയും ശംഖുനാദത്തിന്റെയും അകമ്പടിയിൽ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ മുറിയിൽ (കോയിമ്മവടി വെക്കുന്ന മുറി )കൊണ്ടുപോയി കോയിമ്മവടി വെയ്ക്കുന്ന പീഠത്തിന്റെ തലക്കൽ വെയ്ക്കും. മുറത്തിൽ ഒരുക്കുകൾ വെച്ച് വേലത്തിയെ ഏൽപ്പിച്ച് "മുറോത്ത് "തുടങ്ങിയാൽ കോയിമ്മ വടി തിരികെ എഴുന്നള്ളിച്ച് പടിഞ്ഞാറെ മുറിയിൽ സൂക്ഷിക്കും.



## ദിവസം 3

## 2026 ഫെബ്രുവരി10

## ചൊവ്വാഴ്ച

## ഭീഷ്മ ശരശയനം

മൂന്നാം ദിവസം ചൊവ്വാഴ്ച രാത്രിനടക്കുന്ന സുപ്രധാന ചടങ്ങാണ് "ഇടുപണം ഇടൽ " അഥവാ ഭീഷ്മ രൂപ ആവാഹനം. സപ്ത സമുദ്രങ്ങളിൽ നിന്ന് സമാഹരിക്കുന്ന മണ്ണും ജലവും ചെളിയും കൊണ്ട് തേക്ക് പലകയിൽ തയ്യാറാക്കുന്ന ഭീഷ്മരൂപം പാനപന്തലിനു പകുതിക്ക് തെക്കു എടുക്കുന്ന കുഴിയുടെ മുകളിൽ സ്ഥാപിച്ച് കർമ്മികളുടെ പൂജകൾക്ക് ശേഷം അരോഗദൃഢഗാത്രനായ ഒരു പൂവൻ കോഴിയെ ഉഴിഞ്ഞ് കുഴിയിൽ നിക്ഷേപിക്കും. അംബരഗംഗ എന്ന സങ്കല്പത്തിൽ മുകളിൽ കെട്ടിതൂക്കുന്ന കലശകുടത്തിൽ നിന്ന് നൂല് കെട്ടി ശരശയ്യയിൽ കിടക്കുന്ന ഭീഷ്മ ർക്ക് കുടിനീര് കൊടുക്കും. പതിനഞ്ചാം നാളിൽ കാപ്പ് അഴിക്കുമ്പോൾ കോഴി ജീവനോടെ ഉണ്ടാകണം എന്നാണ് വിശ്വാസം.



## ദിവസം 4

## 2026 ഫെബ്രുവരി 11

## ബുധനാഴ്ച

## തട്ടുബലി (രാത്രി 10 മണി)

നാലാം ദിവസംബുധനാഴ്ച രാവിലെയും ഉച്ചക്കും മുൻ ദിവസങ്ങളിലേതുപോലെ ചടങ്ങുകൾ നടക്കും. രാത്രി കോയിമ്മവടി ഏഴുന്നള്ളിച്ചിരുത്തിയാൽ പതിവ് ഓത്ത് നടക്കും. ഓത്ത് കഴിഞ്ഞാൽ തട്ടുബലി അഥവാ "മറുകിട്ട് ചാറ്റ്"എന്ന ചടങ്ങ് നടക്കും. ഇതിനായി 6 വേലന്മാരുടെയും കുടിലുകൾക്ക് മുൻപിൽ അഞ്ചേകാൽ കോൽ പൊക്കം മൂന്നേകാൽ കോൽ ചതുരത്തിൽ 24 അടയ്ക്ക മരങ്ങൾ കൊണ്ട് മറുക് പണിത് മുകളിൽ ഘനമുള്ള പലകകൾ ഇട്ട് താഴെ കുലവാഴകൾ നാട്ടി കുരുത്തോല മടൽ, വാഴപ്പോള, തെങ്ങിൻ പൂക്കുല, എന്നിവ കൊണ്ട് അലങ്കരിച്ചു കർമ്മങ്ങൾ നടത്തി തട്ടിന്മേൽ കയറി വേലൻമാർ കർമ്മങ്ങൾ നടത്തും. ഭൂതഗണ ങ്ങളുടെയും, ആകാശസഞ്ചാരികളായ യക്ഷ, കിന്നര, ഗന്ധർവ്വ, അപ്സരസ്സുകളുടെയും അനുഗ്രഹം തങ്ങളുടെ കർമ്മങ്ങൾക്ക് ഉണ്ടാകണം എന്ന പ്രാർത്ഥനയോടെ നൂറും പാലും നൽകി, നിണം സമർപ്പിച്ചു കോഴികളെ പറത്തി, കുമ്പളങ്ങ വെട്ടി ഗുരുതി നടത്തിയാൽ കോയിമ്മവടി തിരികെ എഴുന്നള്ളിച്ച് പടിഞ്ഞാറെ മുറിയിൽ സൂക്ഷിക്കും. തുടർന്ന് മുറോത്ത് നടക്കും.

അന്ന് വേലന്മാരുടെ രാത്രികർമ്മങ്ങൾ 3 മണിക്കൂറിൽ കൂടുതൽ നീളും.



## ദിവസം 5


## 2026 ഫെബ്രുവരി 12

## വ്യാഴാഴ്ച

## അന്തിപ്പേ കാവൽ ഏറൽ (രാത്രി 10 മണി)

അഞ്ചാം ദിവസം വ്യാഴാഴ്ച രാവിലെയും ഉച്ചക്കും പതിവ് ഓത്തുകൾ മാത്രം രാത്രി കോയിമ്മവടി പള്ളിപ്പന്തലിലേക്ക് എഴുന്നള്ളിച്ചാൽ പതിവ് ഓത്ത് നടക്കും. ഓത്ത് കഴിഞ്ഞാൽ 'അന്തിപ്പേ കാവൽ ഏറൽ 'എന്ന ചടങ്ങ് നടക്കും. വരാൻ പോകുന്ന ദിവസങ്ങളിലെ ചടങ്ങുകളിൽ അത്ഭുത കൃത്യങ്ങൾ കാട്ടുന്നതിനു വേലന്മാർക്ക് ശക്തി ലഭിക്കുവാൻ അവരുടെ മൺമറഞ്ഞ പിതമഹാന്മരെ ക്ഷേത്രത്തിന്റെ പുറത്ത് നിന്ന് ക്ഷണിച്ചുകൊണ്ട് വരുന്ന ചടങ്ങാണ് ഇത്. ഇതിനായി അമ്പലപ്പുഴ ഗണകൻ പച്ചപ്പാളയിൽ എഴുതി കൊടുക്കുന്ന ചെറിയ കോലങ്ങൾ വേലൻമാർ തന്നെ മുഖത്ത് വെച്ചുകെട്ടി കിഴക്കേ നടയിൽ ഉള്ള പള്ളിവേട്ട ആലിന്റെസമീപത്ത് നിന്ന് പിതാമഹൻമാരെ ആനയിച്ചു കൊണ്ടുവരും. വേലന്മാരുടെ ശരീരങ്ങളിൽ സ്ഥാനം പിടിക്കുന്ന പിതാമഹാന്മാർ പറ, തുടി എന്നീ വാദ്യ മേളങ്ങളുടെ ആവേശത്തിൽ തുള്ളി ഉറഞ്ഞ് യജ്ഞവേദി സമ്പുഷ്ടമാക്കും. കലി അടങ്ങിയതിനു ശേഷം മേൽശാന്തി കോയിമ്മവടിയിൽ ഉഴിഞ്ഞ് നൽകുന്ന കുമ്പളങ്ങ തട്ട് ബലി പന്തലിനു താഴെ കൊണ്ടുപോയി വെട്ടി നിണത്തിൽ മുക്കി ബലി അർപ്പിച്ചു കഴിഞ്ഞാൽ കോയിമ്മവടി തിരികെ എഴുന്നള്ളിച്ചു മുറോത്ത് നടക്കും.





## ദിവസം 6

## 2026 ഫെബ്രുവരി 13

## വെള്ളിയാഴ്ച

## പാനപിടുത്തം

ആറാം ദിവസമായ വെള്ളിയാഴ്ച രാവിലെ കോയിമ്മവടി ഏഴുന്നള്ളിച്ചു പതിവ് ഓത്തുകൾ കഴിഞ്ഞാൽ തിരികെ എഴുന്നള്ളിക്കും. ഉച്ചക്ക് ഏഴുന്നള്ളിച്ചു ഇരുത്തിയാൽ 'പള്ളിപ്പാന കാവൽഏറൽ 'എന്ന ചടങ്ങ് നടക്കും. പാലത്തടി കൊണ്ട് ആശാരിമാർ നിർമ്മിച്ചു നൽകുന്ന പാനക്കുറ്റികൾ തലേ ദിവസം നോയമ്പ് എടുത്ത ഏഴ് പാനപിടിത്തക്കാർ കുളിച്ചു വന്ന് പള്ളി പന്തലിനു കിഴക്ക് വശം നാട്ടുന്ന ഉരലിനു (തെങ്ങും കുറ്റികൾ )സമീപം നിൽക്കും. അടക്കാമരത്തിന്റെ വാരികൾ കൊണ്ട് വേലൻമാർ നവഖണ്ടം പണിത് ഒരുക്കുകൾ നിരത്തി നൂറും പാലും സമർഷിച്ചു പറകൊട്ടി പാട്ടുപാടുമ്പോൾ പാനപിടിത്തക്കാർക്ക് ആവേശം മൂത്ത് ഉരലിനു മുകളിൽ വെക്കുന്ന നാളികേരം പാനകുറ്റികൊണ്ട് അടിച്ചു തകർത്തു യഞ്ജവേദിയിൽ ഓടി നടന്ന് ആവേശം തീർക്കും. ഇത് കഴിഞ്ഞാൽ കോയിമ്മവടി തിരികെ എഴുന്നള്ളിക്കും .രാത്രിയിൽ കോയിമ്മവടി എഴുന്നള്ളിച്ച് ഇരുത്തിയാൽ ഉച്ചഷേകാവൽ ഏറൽ നടക്കും. അമ്പലപ്പുഴ കണിയാൻ എഴുതി കൊടുക്കുന്ന കോലങ്ങൾ മുഖത്ത് വെച്ച്കെട്ടി രണ്ട് വേലൻമാർ തുള്ളി ഉറയും. തുടർന്ന് 'ബ്രമ്മൻ പുറപ്പാട്'. പച്ച പാളയിൽ എഴുതുന്ന കോലങ്ങൾ കണിയാൻ തന്നെ വെച്ച് കെട്ടി കിഴക്കേ ഗോപുര വാതിലിൽ നിന്നും ചെണ്ട മേളത്തിന്റെ അകമ്പ



ടിയിൽ യഞ്ജവേദിയിൽ എത്തും. ദേവന്മാരുടെ ദേവനായ പരമശിവൻ മുഖ്യകർമ്മിയായി ആദ്യ പള്ളിപ്പാന നടത്തിയപ്പോൾ ബ്രമ്മദേവൻ പാനക്കളത്തിൽ എത്തിയതിന്റെ അനുസ്മരണമാണ് ഇത്.

തുടർന്ന് 'കിടുക് ബലി 'നടക്കും. ദുർമരണം സംഭവിച്ച പിത്രുക്കളുടെയും മോക്ഷം ലഭിക്കാതെ അലയുന്ന പിത്രുക്കളുടെയും മോക്ഷത്തിനും അനുഗ്രഹങ്ങൾക്കുമായി യഞ്ജ വേദിയുടെ തെക്കു വശത്ത് 5 അടി താഴ്ചയിൽ കുഴി എടുത്ത് കുഴിയിൽ ഒരാളിനെ കിടത്തി അതിനു മുകളിൽ വാഴപ്പോളകളും വാരിയും നിരത്തി കുലവാഴകൾ നാട്ടി തെങ്ങിൻ പൂക്കുല കൊണ്ട് അലങ്കരിച്ചു പൂജകൾ നടത്തി നിണ ബലി കഴിയുമ്പോൾ കുഴിയിൽ കിടന്ന ആൾ പ്രതി ബന്ധങ്ങൾ നീക്കി ഉറഞ്ഞു തുള്ളി കുഴിയിൽ നിന്നും പുറത്ത് വന്ന് തുള്ളി കലി അടങ്ങിയാൽ കോയിമ്മവടി തിരികെ എഴുന്നള്ളിക്കും. തുടർന്ന് മുറോത്ത് ആരംഭിക്കും.

## ദിവസം 7


## 2026 ഫെബ്രുവരി 14

## ശനിയാഴ്ച

## കാളികൂടം തുള്ളൽ,കാലൻപുറപ്പാട്

ഏഴാം ദിവസം ശനിയാഴ്ച രാവിലെ പതിവ് ഓത്ത് മാത്രം. ഉച്ചക്ക് ഏഴുന്നള്ളിച്ചു ഇരുത്തിയാൽ തലേ നാളിലെ പോലെ പാന പിടിത്തം നടക്കും. രാത്രി കോയിമ്മവടി ഏഴുന്നള്ളിച്ചിരുത്തിയാൽ നിണ ബലി ('കാളി കൂടം തുള്ളൽ ')നടക്കും. വാഴ പിണ്ടിയും, വാരിയും, കയറും, വാഴ പോളയും, കുരുത്തോലയും കൊണ്ട് വേലന്മാർ നിർമിക്കുന്ന ആറു കാളി കൂടങ്ങൾ യഞ്ജവേദിയിൽ സ്ഥാപിച്ച് ഓരോ കാളികൂടത്തിനകത്തും വേലന്മാരെ ഇരുത്തി പൂജകൾ ചെയ്ത് നിണ ബലി നടത്തിയാൽ കാളി കൂടങ്ങൾ പിഴുതെടുത്ത് വേലൻമാർ തുള്ളും.

തുടർന്ന് 'കാലൻ പുറപ്പാട് 'നടക്കും. യമരാജാവിന്റെ അനുഗ്രഹത്തിനായി കണിയാന്മാർ കോലങ്ങൾ വരച്ച് അവർ തന്നെ മുഖത്ത് വെച്ച് കെട്ടി പശു കൂടിനോട് ചേർന്നുള്ള ആൽതറയിൽ നിന്നും വാദ്യ മേളങ്ങളുടെ അകമ്പടിയിൽ യഞ്ജവേദിയിൽ പ്രവേശിച്ചു പള്ളി കൊട്ടിലിനു മുൻപിൽ കുമ്പളങ്ങ വെട്ടി കുരുതി നടത്തും. കണിയാൻ കോലം ഉഴിഞ്ഞ് കഴിഞ്ഞാൽ കോയിമ്മവടി തിരികെ എഴുന്നള്ളിക്കും. തുടർന്ന് മുറോത്ത് നടക്കും



## ദിവസം 8

## 2026 ഫെബ്രുവരി 15

## ഞായറാഴ്ച

## ശാസ്താം പുറപ്പാട്

എട്ടാം ദിവസം ഞായറാഴ്ച രാവിലെ ഏഴാം ദിവസത്തെ പോലെ ചടങ്ങുകൾ മാത്രം. ഉച്ചക്ക് കോയിമ്മവടി എഴുന്നള്ളിച്ചാൽ പാനപിടിത്തം നടക്കും. ഏഴാംദിവസത്തെ പോലെ പാനപിടിത്തക്കാർ ഉരലിനു മീതെ വെക്കുന്ന നാളികേരം പാനക്കുറ്റി കൊണ്ട് അടിച്ചു പൊട്ടിച്ച് യഞ്ജവേദി വിട്ടു പോയാൽ തിരികെ എഴുന്നള്ളിക്കും. രാത്രിയിൽ ഏഴുന്നള്ളിച്ച് ഇരുത്തിയാൽ പതിവ് ഓത്ത് നടക്കും. തുടർന്ന് 'ശാസ്താം പുറപ്പാട് 'അരങ്ങേറും. കണിയാൻമാർ എഴുതി കൊടുക്കുന്ന കോലങ്ങൾ വേലൻമാർ മുഖത്ത് വെച്ച്കെട്ടി പള്ളിവേട്ട ആൽത്തറയിൽ നിന്നും വാദ്യ മേളങ്ങളുടെ അകമ്പടിയിൽ തുള്ളിയുറഞ്ഞ് യഞ്ജ വേദിയിൽ പ്രവേശിക്കും. ശ്രീധർമ്മ ശാസ്താവ് തന്റെ പിതാവ് ശ്രീപരമേശ്വരൻ മുഖ്യആചാര്യനായി നടത്തിയ പള്ളിപ്പാനയിൽ ചടങ്ങുകൾ കാണുന്നതിനായി എത്തിച്ചേരുന്നു എന്നാണ് സങ്കല്പം. ശാസ്താംപുറപ്പാട് കഴിഞ്ഞാൽ തിരികെ എഴുന്നള്ളിക്കും. തുടർന്ന് മുറോത്ത് നടക്കും.



## ദിവസം 9

## 2026 ഫെബ്രുവരി 16

## തിങ്കളാഴ്ച

## ചെറിയ കൂമ്പ്ബലി, ആഴിപ്പേ

ഒൻപതാം ദിവസം രാവിലെയും ഉച്ചക്കും പതിവ് ഓത്തുകൾ മാത്രം. രാത്രി കോയിമ്മവടി ഏഴുന്നള്ളിച്ചിരുത്തിയാൽ ഓത്ത് നടക്കും. തുടർന്ന് "ചെറിയ കൂമ്പ് ബലി ". ഇതിനായി ഏഴേകാൽ ക്കോൽ പൊക്കത്തിൽ ആഗ്രത്തിൽ "കൈലാസ കോൽ "പിടിപ്പിച്ച് ആറ്അടയ്ക്കാ മരങ്ങൾ തട്ടുബലി പന്തലിനു മുൻപിൽ കുഴിച്ചിടും. ഓരോ കുമ്പിന്റെയും ചുവട്ടിൽ കുല വാഴകൾ നാട്ടി തെങ്ങിൻ പൂക്കുല, വാഴ പിണ്ടി, കുരുത്തോല എന്നിവ കൊണ്ട് അലങ്കരിച്ചു വേലൻമാർ പൂജകൾ ചെയ്യും. തുടർന്ന് ഓരോ കുമ്പിന്റെയും മുകളിൽ വേലൻമാർ കയറി കൈലാസ നാഥന്റെയും ശ്രീ പാർവതിയുടെയും ശിവ ഭൂതങ്ങളുടെയും അനുഗ്രഹൾക്കായി പൂജകൾ ചെയ്ത് ബലി അർപ്പിക്കും. ഭൂത ഗണങ്ങൾക്കായി കോഴികളെ പറത്തി ഗുരുതിനല്ലൽകി വേലന്മാർ താഴെ ഇറങ്ങി പള്ളി പന്തലിനു മുൻപിൽ നമസ്കരിക്കും. തുടർന്ന് 'ആഴി പ്പേ '. സമയ കുറവ് ഉണ്ടെങ്കിൽ ആഴിപ്പേ മറ്റൊരു ദിവസം നടത്താം. കൂമ്പ് ബലിയുടെ ചടങ്ങുകൾ ആരംഭിച്ചു കഴിഞ്ഞാൽ പാനപന്തലിനു തെക്കു വശം 'കാരി മേച്ചരുടെ" നേതൃത്വത്തിൽ 'ഭാരതം തുള്ളൽ 'അരങ്ങേറും. കുരുത്തോല കൊണ്ട് തൊപ്പി ഉണ്ടാക്കി, കുരുത്തോലമാല അണിഞ്ഞു മുഖത്ത് അൽപ്പം മനയോല തേച്ച് അധികം അലങ്കാരങ്ങൾ ഇല്ലാതെ ഭാരതം കഥ തുള്ളൽ ചുവടുകളോടെ അവതരിപ്പിക്കും.

ആഴിപ്പേ യഞ്ജ വേദിയുടെ മദ്ധ്യ ഭാഗത്തിന് തെക്കു വശത്ത് പുളി വിറകുകൾ കൂട്ടി ഇട്ട് കത്തിച്ച് അതിൽ അമ്പലപ്പുഴ കൊല്ലൻ നിർമ്മിച്ചു നൽകുന്ന ഉരുക്കിൽ തീർത്ത തൂമ്പചട്ടം ഇട്ട് പഴുത്തു



ചുവപ്പ് നിറം ആകുമ്പോൾ അഗ്നി കുണ്ഡത്തിന് സമീപം ഒരുക്കുകൾ നിരത്തി വേലന്മാരിൽ പ്രധാനി പൂജകൾ നടത്തും. പൂജകൾ പൂർത്തിയാകുമ്പോൾ ആവേശം കൊള്ളുന്ന ആൾ അഗ്നി കുണ്ഡത്തിൽ നിന്നും തൂമ്പചട്ടം കൈകൊണ്ട് എടുത്ത് തുള്ളും. അഗ്നി ദേവന്റെ അനുഗ്രഹങ്ങൾ പള്ളിപ്പാന ചടങ്ങുകൾക്ക് ഉണ്ടാകുന്നതിനു വേണ്ടി നടത്തുന്ന ആഴി പ്പേ കഴിഞ്ഞാൽ തിരികെ എഴുന്നള്ളിക്കും.

## ദിവസം 10
## 2026 ഫെബ്രുവരി 17
## ചൊവ്വാഴ്ച
## ദിക്കുബലി, അടവി



പത്താം നാളായ ചൊവ്വാഴ്ച രാവിലെയും ഉച്ചക്കും പതിവ് ഓത്തുകൾ മാത്രം. രാത്രിയിൽ കോയിമ്മവടി ഏഴുന്നള്ളിച്ചിരുത്തിയാൽ പതിവ് ഓത്ത് നടക്കും. തുടർന്ന് 'ദിക്കു ബലി 'ചടങ്ങുകൾ ആരംഭിക്കും. അടയ്ക്ക മരവും കയറും കൊണ്ട് ആശാരിമാർ പണിത് നൽകുന്ന കട്ടിലിൽ പച്ചോല വിരിച്ച് വാഴ പിണ്ടി, കുരുത്തോല പൂക്കുല എന്നിവ കൊണ്ട് അലങ്കരിച്ചു വേലൻമാർ അഷ്ടദിക്ക് പാലകരെ സങ്കല്പിച്ചു പൂജകൾ നടത്തും. അഷ്ടദിക്ക്പാലകരുടെ അനുഗ്രഹം പള്ളിപ്പാന ചടങ്ങുകൾക്ക് ഉണ്ടാകുന്നതിനായിട്ടാണ് പൂജകൾ നടത്തുന്നത്. തുടർന്ന് നാല് വേലന്മാരെ കട്ടിലിൽ പച്ചോല കൊണ്ട് കെട്ടി ചുമന്ന് ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ ക്ഷേത്രത്തിന്റെ നാല് അതിരുകളിൽ പ്രത്യേകം തയ്യാർ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കൊണ്ട് പോയി ബലികർമ്മങ്ങൾ ചെയ്യും. ബലി കർമ്മങ്ങൾ കാണുന്നതിന് ഭക്ത ജനങ്ങൾക്ക് വിലക്ക് ഉണ്ട്. കട്ടിലിൽ പച്ചോലയിൽ കെട്ടി ഇട്ടിരിക്കുന്ന വേലൻമാർ ഓല മടൽ പൊട്ടിച്ച് കലി പൂണ്ട് ഓടി ചൂരൽ കാടുകളും അടയ്ക്ക മരങ്ങളും പറിച്ചെടുത്ത് തുള്ളി പാന പന്തലിനു മുൻപിൽ എത്തും. മേൽശാന്തി നെല്ലും അരിയും ഉഴിഞ്ഞു ഇട്ട് കഴിഞ്ഞാൽ കോയിമ്മ വടി തിരികെ എഴുന്നള്ളിച്ച് മുറോത്ത് നടക്കും.



## ദിവസം 11
## 2026 ഫെബ്രുവരി 18
## ബുധനാഴ്ച
## കരകളിൽ ശത്രുഎടുപ്പ്

പതിനൊന്നാം ദിവസം ബുധനാഴ്ച്ച രാവിലെ പതിവ് ഓത്ത് മാത്രം. ഉച്ചക്ക് എഴുന്നള്ളിച്ച് ഇരുത്തിയാൽ 'വേലന്മാരുടെ വെളിച്ചപ്പെടൽ 'എന്ന ചടങ്ങ് നടക്കും. പിതാമഹൻ മാർ വേലന്മാരുടെ ശരീരത്തിൽ പ്രവേശിച്ചു അനുഗ്രഹിക്കപ്പെട്ടാൽ അവർ വിവിധ കരകളിലേക്ക് 'ശത്രു എടുക്കാൻ 'പുറപ്പെടും. രാത്രിയിൽ എഴുന്നള്ളിച്ചാൽ പതിവ് ഓത്ത് ഉണ്ടായിരിക്കില്ല. ഭാരതം തുള്ളൽ കഴിഞ്ഞാൽ തിരികെ എഴുന്നള്ളിക്കും. തുടർന്ന് മുറോത്ത്.







## ദിവസം 12

2026 ഫെബ്രുവരി 19

വ്യാഴം

ശത്രുഎടുക്കൽ

പന്ത്രണ്ട് പതിമുന്ന് വ്യാഴം വെള്ളി ദിവസങ്ങളിൽ വേലൻമാർ അമ്പലപ്പുഴ യുടെ വിവിധ കരകളിൽ ശത്രുഎടുപ്പിന് പോകുന്നതിനാൽ പതിവ് ഓത്തും മുറോത്തും മാത്രമേ ഉണ്ടാവുകയുള്ളൂ. ഈ രണ്ട് ദിവസങ്ങളിൽ, കാപ്പ്കെട്ട് മുതൽ വേലന്മാർ ചെയ്യുന്ന കർമ്മ ങ്ങളിൽ നിന്നും ആളുകളുടെ ശ്രദ്ധ മറ്റുവാനുള്ള അഭ്യാസങ്ങൾ നടത്തി വന്ന 'പുറനാടികൾ ', യജ്ഞവേദി സജീവം ആക്കും. വീടുകളിൽ ശത്രുഎടുപ്പിനായി വേലന്മാർ എത്തുമ്പോൾ നിലവിളക്കു കൊളുത്തി നിറചങ്ങഴിയും നിറനാഴിയും നാളികേരവും വെച്ച് പലകയോ പായയോ നൽകി അവരെ ഇരുത്തും. പറ കൊട്ടി നീട്ടിപാടി വീട്ടിൽ ഉള്ളവരെ ശൈവ വാദ്യങ്ങളും ഇലഞ്ഞിതൂപ്പും കൊണ്ട് ശത്രുദോഷം നാവിൻദോഷം എന്നിവ മാറണം എന്ന പ്രാർത്ഥന യോടെ ഉഴിഞ്ഞു പോകുന്ന അവർക്കു ഗൃഹനാഥൻ ദക്ഷിണ നൽകി അയക്കും.



## ദിവസം 13

2026 ഫെബ്രുവരി 20

വെള്ളി

ശത്രുഎടുക്കൽ



# ദിവസം 14

## 2026 ഫെബ്രുവരി 21

## ശനിയാഴ്ച

## വലിയ കൂമ്പ്ബലി, മധുഎഴുന്നള്ളിപ്പ്, വലിയകോലം

പള്ളിപ്പാനയുടെ സമാപനത്തിന്റെ തലേനാൾ ആയ പതിനാലാം ദിവസം ശനിയാഴ്ച ആണ് സുപ്രധാചടങ്ങുകൾ നടക്കുന്നത്. അന്ന് രാവിലെയും ഉച്ചക്കും പതിവ് ഓത്തുകൾ മാത്രം. രാവിലത്തെ ഓത്ത് തുടങ്ങിയാൽ അമ്പലപ്പുഴ വേലൻ കൂമ്പ് ബലിക്കുള്ള അടയ്ക്കമരം മുറിക്കുന്നതിനുള്ള അനുവാദം കോയിമ്മസ്ഥാനിയിൽ നിന്നും വാങ്ങി ക്ഷേത്രത്തിന്റെ പുറത്ത് പോകും. നേരത്തെ നിശ്ചയിച്ച അടയ്ക്കമരം വൃക്ഷപൂജ ചെയ്ത് വെട്ടി നിലം തൊടാതെ ക്ഷേത്രത്തിൽ എത്തിക്കും.

രാത്രി കോയിമ്മവടി എഴുന്നള്ളിച്ച് ഇരുത്തിയാൽ പതിവ് ഓത്ത് നടക്കും. ശേഷം വലിയ കുമ്പ് ബലിക്കുള്ള ചടങ്ങുകൾ ആരംഭിക്കും. തറനിര ഷിൽ നിന്നും ഒൻപതേകാൽ കോൽ പൊക്കത്തിൽ നാല് കൈലാസക്കോൽ പിടിപ്പിച്ച 6 അടയ്ക്കമരങ്ങൾ ചെറിയ കൂമ്പ് ബലിക്കു വേണ്ടി ഒൻപതാം ദിവസം കഴിച്ചിട്ട കൂമ്പുകൾക്ക് മുൻപിൽ കുഴിച്ചിടും. ശിവ ഭഗവാന്റെയും ഭൂതഗണങ്ങളുടെയും പ്രത്യക്ഷ സാന്നിധ്യം ഉണ്ടാകുന്നതിനുള്ള പ്രത്യേ കകർമ്മങ്ങൾ വലിയ കൂമ്പുകൾക്ക് മുൻപിൽ നടത്തും.

അമ്പലപ്പുഴ കണിയാന്റെ ആമയിടയിൽ ഉള്ള വീട്ടിൽ നിന്നും സന്ധ്യയോട് കൂടി പുറപ്പെട്ട "കാളിയും ദാരികനും ' വാദ്യ മേളങ്ങളുടെയും, വായ് കുരവകളുടെ യും, വായ്താരികളുടെയും, കുത്തു വിളക്കുകളുടെയും, താലപ്പൊലിയുടെ യും അകമ്പടിയിൽ കിഴക്കേ നടയിൽ എത്തി വലിയ കോലം തുള്ളൽ നടത്തും. ദാരിക നിഗ്രഹത്തിന് ശേഷം ഭദ്രകാളി ദാരിക ശിരസ്സുമായി ശിവ സന്നിധിയിൽ എത്തുന്നതിന്റെ അനുസ്മരണം ആണ് ഈ ആയിരമണിക്കോലം എഴുന്നള്ളത് ഭദ്രകാളി കടകക്ഷാത്താൽ യഞ്ജവേദി സയൂജ്യമാകും. ഈ സമയം അമ്പനാട്ടു പണിക്കൻ പള്ളിപ്പാന കർമ്മങ്ങൾ ക്ക് ആവശ്യമായ മധുവുമായി തന്റെ കുടുംബത്തു നിന്നും വാദ്യമേളങ്ങ ളുടെയും അനുചരൻമ്മാരുടെയും ആർപ്പുവിളികളുടെയും അകമ്പടിയിൽ ഇറക്കൂടി കളത്തട്ടിനു സമീപമുള്ള ആലിന്റെ വടക്കു വശം കൂടി ക്ഷേത്ര ത്തിൽ പ്രവേശിക്കും. കൗള ആചാര പ്രകാരം നടക്കുന്ന പള്ളിപ്പാന ചടങ്ങുക ളിൽ അത്യാവശ്യം വേണ്ട ഒന്നാണ് മധു. അമ്പനാട്ട് പണിക്കരുടെ ഇണങ്ങർ ആയ പടീത്ര വീട്ടുകാർ 41 ദിവസത്തെ വ്രതം എടുത്ത് കാപ്പ് കെട്ടിയ കല്പവൃ ക്ഷത്തിൽ നിന്നും താമര ഇലയിലൂടെ സമാഹരിക്കുന്ന മധു ആണ് ആഘോഷമായി കൊണ്ടുവരുന്നത്.



യഞ്ജ വേദിയിൽ എത്തി ഒരു ഉരുളിയിൽ പാട്ട് വിരിച്ച് അതിൽ പകരുന്ന മധു വേലൻമാർ എടുത്ത് കൊണ്ട് പോയി പരമശിവന് നിവേദിക്കും. അമ്പനാട്ടു പണിക്കൻ കാണിക്ക സമർപ്പിച്ചു പോയാൽ അമ്പലപ്പുഴ കണിയാന്റെ നേതൃത്വത്തിൽ ഉള്ള കാളിയും ദാരികനും ക്ഷേത്രത്തിൽ പ്രവേശിച്ചു പള്ളി പന്തലിനു മുൻപിൽ കുമ്പളങ്ങ വെട്ടി കുരുതി നടത്തി മടങ്ങും.
തുടർന്ന് പത്താം നാളിൽ നടന്ന പോലെ കട്ടിൽ ബലി നടക്കും അടവിയുമായി വേലൻമാർ തുള്ളി ഉറഞ്ഞു കലി അടങ്ങിയാൽ "വലിയ കൂമ്പ് ബലി "നടക്കും. നേരത്തെ കഴിച്ചിട്ട് കർമ്മങ്ങൾ ആരംഭിച്ച കൂമ്പുകൾക്ക് മുകളിൽ കയറി ശിവഭൂത ഗണങ്ങൾക്ക് നൂറും പാലും നൽകി ബലി നൽകി കോഴികളെ പറപ്പിച്ച് കർമ്മങ്ങൾ പൂർത്തിയാക്കി കൂമ്പിൽ നിന്നും വേലൻമാർ ഇറങ്ങി പള്ളിപന്തലിനു. മുൻപിൽ എത്തി പ്രാർത്ഥന കഴിഞ്ഞാൽ കോയിമ്മവടി തിരികെ എഴുന്നള്ളിക്കും. തുടർന്ന് മുറോത്ത് നടക്കും.




# ദിവസം 15

## 2026 ഫെബ്രുവരി 22

## ഞായറാഴ്ച

## കാപ്പ് അഴിക്കൽ

സമാപന ദിവസമായ ഞായറാഴ്ച രാവിലെ ശ്രീബലിക്കു ശേഷം കോയിമ്മവടി എഴുന്നള്ളിച്ച് ഇരുത്തിയാൽ പതിവ് ഓത്ത് നടക്കും. തുടർന്ന് പാനപന്തലിനു മുൻപിൽ തെക്കു വടക്കായി ഒരു തൂശൻ ഇല ഇട്ട് പുറനാടിമാരിൽ ഒരാളെ കിടത്തി കോടി മുണ്ട് കൊണ്ട് മൂടും. അമ്പലപ്പുഴ വേലൻ വാഴയിലയിൽ കിടക്കുന്ന പുറനാടിയുടെ കഴുത്ത്, മാറ്, കാല് എന്നിവിടങ്ങളിൽ വെട്ടുന്നതായി കാണിച്ചശേഷം ഒരു കുമ്പളങ്ങയും കത്തിയും കൂടി മേൽശാന്തിയെ ഏൽപ്പിച്ച് കോയിമ്മ വടിയിൽ ഉഴിഞ്ഞു വാങ്ങി വേലൻ കുമ്പളങ്ങ വെട്ടും. പിന്നീട് പുറനാടിക്ക് ക്ഷേത്രത്തിൽ പ്രവേശനം ഇല്ല. തുടർന്ന് 'പുറക്കളത്തിൽ ബലി 'ക്കായി പുറനാടിയെ കൊണ്ടുപോയി കിഴക്കേ നടയിലെ ഇറക്കൂടി കളത്തട്ടിനു തെക്കു ഭാഗത്തുള്ള ദേവസ്വം വക ഭൂമിയിൽ പ്രത്യേകം തയ്യാറാക്കിയ കളത്തിൽ കിടത്തി പുറനാടിയെ ബലി കൊടുക്കുന്നു എന്ന സങ്കല്പത്തിൽ കുമ്പളങ്ങ വെട്ടി കുരുതി നടത്തും.
പുറക്കളത്തിൽ ബലിക്കു ശേഷം വേലൻമാർ ശുദ്ധമായി തിരികെ വന്നാൽ രണ്ടാം ദിവസം പൂജകൾ ചെയ്ത് പടിഞ്ഞാറെ മുറിയിൽ വെച്ചിരുന്ന രക്ഷാകലശം മേൽശാന്തി എഴുന്നള്ളിച്ച് കൊണ്ടുവന്ന് കോയിമ്മ വടിയിൽ കെട്ടിയ കാപ്പുകൾ കെട്ടിയ മുറക്ക് അഴിച്ച് കലശകുടത്തിൽ നിക്ഷേപിക്കും. പിന്നീട് കലശകുടത്തിൽ നിന്നും ഏതെങ്കിലും ഒരു വസ്തു എടുക്കും. ലഭിക്കുന്ന വസ്തുവിനെ അടിസ്ഥാനമാക്കി ആണ് പള്ളിപ്പാനയുടെ ഗുണഫലങ്ങൾ തീരുമാനിക്കുന്നത്.
ശേഷം ഭിഷമരൂപത്തിന്റെ തല, കഴുത്ത്, മാറ്, തുട ,കാല് എന്നിവിടങ്ങളിൽ വേലന്മാർ വാളുകൊണ്ട് വെട്ടി രൂപവും പലകയും മാറ്റി മൂന്നാം നാൾ കുഴിയിൽ ഇട്ട കോഴിയെ പുറത്ത് എടുക്കും. ഭീഷ്മ രൂപവും മറ്റ് അലങ്കാരങ്ങളും കുഴിയിൽ ഇട്ട് കുഴി മൂടിയാൽ കോയിമ്മവടി തിരികെ എഴുന്നള്ളിച്ച് ക്ഷേത്രത്തിന് ഒരു വലം വെച്ച് അകത്തു കയറി കോയിമ്മവടി ശ്രീകോവിലിൽ കൊണ്ടുപോയി പൂജകൾ ചെയ്യുന്നത്തോട് കൂടി പള്ളിപ്പാന ചടങ്ങുകൾക്ക് തിര ശീല വീഴും.
തുടർന്ന് പള്ളിപ്പാന കർമ്മങ്ങളിൽ പങ്കെടുത്തവർക്ക് രാജപ്രതിനിധിയും, കോയിമ്മ സ്ഥാനിയും, ദേവസ്വം അധികാരികളും ദക്ഷിണ നൽകി ചടങ്ങ് അവസാനിപ്പിക്കും.



# ദ്രവ്യകലശം

## 2026 ഫെബ്രുവരി 26 മുതൽ മാർച്ച് 5വരെ

### ദിവസം 1 — 2026 ഫെബ്രുവരി 26 — വ്യാഴാഴ്ച

വൈകിട്ട് ദീപാരാധനക്ക് ശേഷം ആചാര്യവരണം, മുളയറയിൽ സ്ഥലശുദ്ധി, അങ്കുരാരോഹണം, ഗണപതിപൂജ, പ്രാസാദശുദ്ധി, രാക്ഷോഘ്ന ഹോമം, അസ്ത്രക ലശപൂജ, വാസ്തുഹോമം, വാസ്തു കലശപൂജ, വാസ്തുബലി, വാസ്തുകലശാഭിഷേകം.

### ദിവസം 2 — 2026 ഫെബ്രുവരി 27 — വെള്ളിയാഴ്ച

രാവിലെ മുളപൂജ, ചതുശ്ശുദ്ധി, ധാര, അഭിഷേകം. വൈകുന്നേരം മുളപൂജ.

### ദിവസം 3 — 2026 ഫെബ്രുവരി 28 — ശനിയാഴ്ച

രാവിലെ മുളപൂജ, പഞ്ചഗവ്യം, പഞ്ചകം, കലശപൂജകളും അഭിഷേകവും. വൈകുന്നേരം മുളപൂജ.

### ദിവസം 4 — 2026 മാർച്ച് 1 — ഞായറാഴ്ച

രാവിലെ മുളപൂജ, നവീകര ണപ്രായിശ്ചിത്ത ഹോമവും കലശപൂജയും, തിമിലപ്പാണി, കലാശാഭിഷേകം. വൈകുന്നേരം മുളപൂജ, കുണ്ഡശുദ്ധി.

### ദിവസം 5 — 2026 മാർച്ച് 2 — തിങ്കളാഴ്ച

രാവിലെ മുളപൂജ, പ്രായശ്ചി ത്തഹോമവും കലശപൂജയും, കലശപൂജയും അഭിഷേകവും. വൈകിട്ട് മുളപൂജ, കുണ്ഡശുദ്ധി.

### ദിവസം 6 — 2026 മാർച്ച് 3 — ചൊവ്വാഴ്ച

രാവിലെ മുള പൂജ, സ്വശാന്തി, അത്ഭുതശാന്തി, ചോരശാന്തി ഹോമവും കലശപൂജകളും അഭിഷേകവും, സ്ഥലശുദ്ധി ദ്രവ്യ കലശത്തിനുള്ള പത്മം ഇടൽ. വൈകുന്നേരം മുളപൂജ, കുണ്ഡശുദ്ധി.



### ദിവസം 7 — 2026 മാർച്ച് 4 — ബുധനാഴ്ച

രാവിലെ മുള പൂജ, ജലദ്രോണി പൂജ, തത്വകലശപൂജ, തത്വഹോമം കുംഭേശ-കർക്കരി കലശപൂജ, ബ്രഹ്മകലശപൂജ, മരപ്പാണി, തത്വ കലശാഭിഷേകം. വൈകുന്നേരം പരികലശപൂജ, അധിവാസഹോമം, കലശാധിവാസം.

### ദിവസം 8 — 2026 മാർച്ച് 5 — ഞായറാഴ്ച

രാവിലെ അധിവാസത്തിങ്കൽ ഉഷപൂജ, മുളയറഭഗവതിക്കും ശിവനും കലശാഭിഷേകം, തിമിലപ്പാണി, പരികലശാഭി ഷേകം, മരപ്പാണി, ബ്രഹ്മകല ശാഭിഷേകം, കുംഭേശ-കർക്കരി കലശം, ശ്രീകോവിലിൽ എഴുന്ന ള്ളിച്ച് അഭിഷേകം, അവസ്രാ വപ്രോക്ഷണം. ശ്രീഭൂതബലി, വൈകുന്നേരം വിളക്ക്എഴുന്നള്ളി പ്പ് (ആനപ്പുറത്ത്

## തൃക്കൊടിയേറ്റ്

2026 മാർച്ച് 06 വെള്ളിയാഴ്ച



അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

# പള്ളിപ്പാന - ദ്രവ്യകലശം

2026 ഫെബ്രുവരി 08 മുതൽ 22 വരെ
ഫെബ്രുവരി 26 മുതൽ മാർച്ച് 05വരെ

---

2026 പള്ളിപ്പാന- ദ്രവ്യകലശം
സ്വാഗതസംഘത്തിനുവേണ്ടി മീഡിയ കമ്മറ്റി
പ്രസിദ്ധീകരിക്കുന്നത്